**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 274** **07-10-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ മാതൃക അംഗൻവാടി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ 51-ാം നമ്പർ മാതൃക അംഗൻവാടി കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 14.11.2023-ൽ വനിത ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | (ബി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 14.11.2023 ൽ വനിത ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം ടി അങ്കണവാടി കെട്ടിടത്തിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച 17.32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും, ടി പ്രവൃത്തിയ്ക്കായി പഞ്ചായത്ത് വകയിരുത്തിയിട്ടുള്ള 8,70,000/- രൂപ കിഴിച്ചുള്ള 8,62,000/- രൂപ വകുപ്പ് വിഹിതമായി അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള വനിത ശിശു വികസന ഡയറക്ടറുടെ 04.10.2024 ലെ DWCD/192/2023-ICDSA8 നമ്പർ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | (സി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 14.11.2023 ൽ വനിത ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം ടി അങ്കണവാടി കെട്ടിടത്തിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച 17.32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും, ടി പ്രവൃത്തിയ്ക്കായി പഞ്ചായത്ത് വകയിരുത്തിയിട്ടുള്ള 8,70,000/- രൂപ കിഴിച്ചുള്ള 8,62,000/- രൂപ വകുപ്പ് വിഹിതമായി അനുവദിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | അനുമതിയ്ക്കായുള്ള വനിത ശിശു വികസന ഡയറക്ടറുടെ 04.10.2024 ലെ DWCD/192/2023-ICDSA8 നമ്പർ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | (ഡി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 14.11.2023 ൽ വനിത ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം ടി അങ്കണവാടി കെട്ടിടത്തിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച 17.32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും, ടി പ്രവൃത്തിയ്ക്കായി പഞ്ചായത്ത് വകയിരുത്തിയിട്ടുള്ള 8,70,000/- രൂപ കിഴിച്ചുള്ള 8,62,000/- രൂപ വകുപ്പ് വിഹിതമായി അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള വനിത ശിശു വികസന ഡയറക്ടറുടെ 04.10.2024 ലെ DWCD/192/2023-ICDSA8 നമ്പർ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ